# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2792** **10.03.2017-ൽ മറുപടിക്ക്**

## ഹൈടെക് വിദ്യാലയങ്ങൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | ശ്രീ. ആർ.രാമചന്ദ്രൻ | | പ്രൊഫ : സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളാണ് ഹൈടെക് ആക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | എ) | സംസ്ഥാനത്തെ എല്ലാ സർക്കാർ, എയിഡഡ് ഹൈസ്കൂൾ, ഹയർസെക്കന്ററി - വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലും ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നതിനാൽ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ എല്ലാ സർക്കാർ, എയിഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി - വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളുകളിലും പദ്ധതി നടപ്പിലാക്കുന്നതാണ്. |
| ബി) | എൽ.പി. സ്കൂൾ ഹൈടെക് ആക്കി മാറ്റുമ്പോൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾ വിശദീകരിക്കുമോ; | ബി) | സർക്കാർ നിലവിൽ പ്രഖ്യാപിച്ച ഹൈടെക് സ്കൂൾ പദ്ധതി, ഹൈസ്കൂൾ, ഹയർസെക്കന്ററി - വൊക്കേഷണൽ ഹയർസെക്കൻററി സ്കൂളുകളിലാണ് നടപ്പാക്കുന്നത്. സർക്കാർ /എയിഡഡ് എൽ.പി./യു.പി സ്കൂളുകളിൽ ബ്രോഡ്ബാൻഡ് ഇൻറർനെറ്റ് ലഭ്യമാക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എൽ.പി/ യു.പി സ്കൂളുകളിൽ ഐടി ലാബുകൾ സ്ഥാപിക്കുന്നതാണ്. |
| സി) | ഹൈടെക്ക് വിദ്യാലയങ്ങളിൽ കമ്പ്യൂട്ടർ, വിവരസാങ്കേതിക വിദ്യ പഠിപ്പിക്കുന്നതിന് കൂടുതൽ അദ്ധ്യാപകരെ നിയമിക്കുമോ; വിശദീകരിക്കുമോ; | സി) | ഐസിടി അധിഷ്ഠിത വിദ്യാഭ്യാസമാണ് സ്കൂളുകളിൽ നടപ്പിലാക്കുന്നത്. നിലവിലുള്ള അദ്ധ്യാപകർക്ക് നിരന്തര പരിശീലനം നൽകി ഐസിടിയുടെ സാധ്യത പ്രയോജന പ്പെടുത്തിക്കൊണ്ട് പഠന-ബോധന പ്രക്രിയ കൂടുതൽ ഫലപ്രദമാക്കുകയാണ് ഇതിന്റെ ലക്ഷ്യം. ആയതിനാൽ വിവര സാങ്കേതിക വിദ്യാപഠനത്തിന് മാത്രമായി പ്രത്യേക അധ്യാപകരെ നിയമിക്കേണ്ട ആവശ്യം വരുന്നില്ല. |
| ഡി) | നിലവിലെ അധ്യാപകർക്ക കൂടുതൽ ഐ.ടി.പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | ഡി) | നിലവിലുള്ള എല്ലാ അദ്ധ്യാപകർക്കും ഐസിടി പരിശീലനവും ഐസിടി അധിഷ്ഠിത പാഠഭാഗങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യുന്നതിനുള്ള പ്രത്യേക പരിശീലനവും നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ